"ഭരണഭാഷ - മാതൃഭാഷ"

**കേരള സർക്കാർ**

**നം. 1567845/വിദ്യാ-എ 2/134/2020-ധന** **ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ്**

തിരുവനന്തപുരം

തീയതി: 26.02.2021

05 MAR 2021

അഡീഷണൽ ചീഫ് സെക്രട്ടറി
ധനകാര്യ വകുപ്പ്

പൊതുവിദ്യാഭ്യാസ ഡയറക്ടർ
തിരുവനന്തപുരം

സർ,

വിഷയം:- ഭിന്നശേഷിക്കാരായ അധ്യാപകർക്ക് സ്പെഷ്യൽ അലവൻസ് അനുവദിച്ച് നൽകുന്ന വിഷയത്തിൽ സ്പഷ്ടീകരണം നൽകുന്നത് - സംബന്ധിച്ച്.

സൂചന:- താങ്കളുടെ 19.11.2020 ലെ എം (3) 201290/2020/ഡിജിഇ നമ്പർ കത്ത്

സൂചനയിലേയ്ക്ക് താങ്കളുടെ ശ്രദ്ധ ക്ഷണിക്കുന്നു. 11.06.1980 ലെ സ. ഉ (അച്ചടി) നം. 364/1980/ധന നമ്പർ ഉത്തരവ് പ്രകാരമാണ് ഭിന്നശേഷിക്കാരായ സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും Conveyance Allowance അനുവദിച്ച് ഉത്തരവായിട്ടുള്ളത്. 02.02.1991 തീയതിയിലെ സ. ഉ (പി) നം. 101/91/ധന ഉത്തരവ് പ്രകാരം " conveyance allowance " നെ " special allowance " ആയി റീ-ക്ലാസിഫൈ ചെയ്തിട്ടുണ്ട്. കൂടാതെ 24.09.2011 തീയതിയിലെ സ. ഉ (പി) നം. 404/2011/ധന ഉത്തരവ് പ്രകാരം special casual leave കാലയളവിലും conveyance allowance അനുവദിച്ച് കൊണ്ട് ഉത്തരവായിട്ടുണ്ട്. 30.05.2017 ലെ സ. ഉ (കൈ) നം. 282/2017/(60)/ധന ഉത്തരവ് പ്രകാരം സ്പെഷ്യൽ അലവൻസ് 1000/- രൂപയായി വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ മധ്യവേനലവധി കാലയളവിൽ അധ്യാപകർ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ

വിദ്യാർത്ഥി പ്രവേശനം, പരീക്ഷ നടത്തിപ്പ്, മൂല്യനിർണ്ണയം എന്നി പ്രവർത്തനങ്ങൾ ചെയ്തു വരുന്നതിനാൽ വെക്കേഷൻ സാങ്കേതിക ഡ്യൂട്ടിയായി കണക്കാക്കാവുന്നതാണ്. 11.06.1980 ലെ സ. ഉ (പി) നം. 364/80/ധന ഉത്തരവിലെ ഖണ്ഡിക (iv) പ്രകാരം ലീവ് കാലയളവിലും ജോയിനിംഗ് ടൈമിലും സസ്പെൻഷൻ കാലയളവിലും മാത്രമാണ് സ്പെഷ്യൽ അലവൻസിന് അർഹതയില്ലാത്തത്. 02.02.1991 ലെ സ. ഉ (പി) നം. 101/91/ധന ഉത്തരവിൽ സ്പെഷ്യൽ അലവൻസ് സംബന്ധിച്ച ചിലവുകൾ " Travel Expenses " എന്ന ശീർഷകത്തിൽ നിന്നും മാറ്റി Salaries എന്നതിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ആയതിൻ പ്രകാരം സ്പെഷ്യൽ അലവൻസ് എന്നത് ശമ്പളത്തിന്റെ ഭാഗമായാണ് നിലവിൽ ജീവനക്കാർക്ക് നൽകി വരുന്നത്. മേൽ സാഹചര്യത്തിൽ വെക്കേഷൻ സാങ്കേതികമായി ഡ്യൂട്ടിയായി പരിഗണിച്ചിട്ടുള്ളതിനാൽ പ്രസ്തുത കാലയളവിൽ ഭിന്നശേഷിക്കാരായ ജീവനക്കാർക്ക് വെക്കേഷൻ കാലയളവിലും കൺവേയൻസ് അലവൻസിന് അർഹതയുണ്ടെന്നും മേൽ ജീവനക്കാർക്ക് ഈയിനത്തിൽ മുൻവർഷങ്ങളിലെ കുടിശ്ശിക അനുവദിക്കാവുന്നതാണെന്നും അറിയിക്കുന്നു.

വിശ്വസ്തതയോടെ,

**മഞ്ജു. എം. ആർ**

**അണ്ടർ സെക്രട്ടറി (ധനകാര്യം)**

**ധനകാര്യ അഡീഷണൽ ചീഫ് സെക്രട്ടറിക്കു വേണ്ടി**

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ